(സി) കിൻഫ്രയുടെ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ വേണ്ടി അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വാർത്താവിനിമയ സൗകര്യങ്ങൾ, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവ ലഭ്യമാകുന്നു. ഈ പാർക്കുകളിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് കാലതാമസമില്ലാതെ ആവശ്യമായ ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിനുവേണ്ടി ഏകജാലക ക്ലിയറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ കിൻഫ്രയുടെ പാർക്കുകളിൽ ഭൂമി ഏറ്റെടുത്ത എല്ലാ വ്യവസായ സംരംഭകർക്കും സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇളവുകളും നൽകിവരുന്നു..

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും നിർദ്ദേശങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലും ജില്ലാ വ്യവസായകേന്ദ്രങ്ങളിലും ലഭ്യമാണ്. കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനായി വ്യവസായ വാണിജ്യവകുപ്പു മുഖാന്തിരം കേരള ലോക്കൽ ഇൻഡസ്ട്രീസ് പ്രൊമോഷൻ എന്ന പുതിയ പദ്ധതിയും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കെ. എസ്. ഐ. ഡി. സി. നൽകുന്ന ആനുകൂല്യം സംബന്ധിച്ച് വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

അടച്ചുപൂട്ടപ്പെട്ട വ്യവസായങ്ങൾ

112 [463] *ശ്രീ. സാജു പോൾ:*

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ;

(സി) വ്യവസായങ്ങൾ അടച്ചുപൂട്ടാനിടയായിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ പൊതുമേഖലയിലും സഹകരണമേഖലയിലും അടച്ചുപൂട്ടപ്പെട്ട വ്യവസായങ്ങളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ അടച്ചു പൂട്ടുന്ന പ്രത്യേക സാഹചര്യങ്ങൾ ഒന്നും നിലവിലില്ല. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ തുടർച്ചയായി ധനസഹായം നൽകിയിട്ടും നഷ്ടത്തിലായ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്.

(ബി) ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി വിപണിയിൽ നിന്നു നേരിടുന്ന നിയന്ത്രണ വിധേയമല്ലാത്ത മത്സരംമൂലവും പുതിയ സാങ്കേതികവിദ്യയുടെ അഭാവം, കാലഹരണപ്പെട്ട ഉൽപ്പന്നങ്ങൾ എന്നീ കാരണങ്ങളാൽ മത്സരക്ഷമതയില്ലാത്തതുമാണ് ചില പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനുള്ള കാരണങ്ങൾ.

(സി) വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

113 [464] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്തു എത്ര വ്യവസായ സ്ഥാപങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്;

(ബി) ഇതിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ എത്ര; ഇടത്തരം വൻകിട സ്ഥാപനങ്ങൾ എത്ര;

(സി) ഇതുമൂലം എത്ര പേർക്കു തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്ത് ചെറുകിട മേഖലയിൽ 3531 യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഇടത്തരം/വൻകിട വ്യവസായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly